Draft #4 of File 133400/AD B7-1/2022/AD B 7 Approved by ESTATE OFFICER ADMINISTRATION on 25-Oct-2022 02:15 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനം നൽകുന്നതും ,ഹോസ്റ്റലിൽ തങ്ങാവുന്ന പരമാവധി കാലയളവും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 7 സെക്ഷൻ**

നമ്പർ. 10877/AD B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2022

---

*പരാമർശം:*-1. 13.10.2022 തീയതിയിൽ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

2. 21.10.2022 തീയതിയിൽ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനം നൽകുന്നതും, ഹോസ്റ്റലിൽ തങ്ങാവുന്ന പരമാവധി കാലയളവും സംബന്ധിച്ചുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനായി 13.10.2022 ൽ രജിസ്ട്രാറുടെ കാര്യാലയത്തിൽ ബഹു. രജിസ്ട്രാർ, വാർഡൻ (മെൻസ് ഹോസ്റ്റൽ), വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും, താഴെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ശുപാർശ ചെയ്യുകയും, പരാമർശം (2) പ്രകാരം ആയത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

1. ഭാവിയിൽ ഒരു ഗവേഷണ വിദ്യാർത്ഥി ഹോസ്റ്റൽ പ്രവേശനം തേടുന്ന വേളയിൽ ഗൈഡുമാർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഗൈഡുമാർ ഈ സർവകലാശാലയ്ക്ക് കീഴിലെ പഠനവകുപ്പുകളിൽ പ്രവൃത്തിക്കുന്നവരും, ഗവേഷണ വിദ്യാർത്ഥി സർവ്വകലാശാല പഠനവകുപ്പുകളിൽ രജിസ്ട്രേഷൻ നേടിയ ആളുമായിരിക്കണം . ഇക്കാര്യങ്ങൾ ഉറപ്പുവരുത്തിയതിനുശേഷം മാത്രമായിരിക്കും ഹോസ്റ്റൽ അഡ്മിഷൻ പരിഗണിക്കുന്നത്.

2. ഒരു ഗവേഷണ വിദ്യാർത്ഥിക്ക് ഗവേഷണം പൂർത്തിയാക്കാൻ യുജിസി അനുവദിച്ചിട്ടുള്ള കാലാവധി 6 വർഷമാണ്. അതുകൊണ്ടുതന്നെ ഹോസ്റ്റൽ അഡ്മിഷൻ നൽകുന്നതും ഈ ആറുവർഷ കാലയളവിലേക്ക് മാത്രമായിരിക്കും. പ്രസ്തുത കാലയളവ് PhD രജിസ്ട്രേഷൻ അനുവദിക്കപ്പെട്ട തിയതി മുതൽ ആരംഭിച്ചതായി കണക്കാക്കുന്നതാണ്. വിദ്യാർത്ഥി ഗവേഷണകാലയളവ് നീട്ടാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഏത് സാഹചര്യത്തിലാണ് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടത് എന്ന് വിശദീകരിക്കുകയും, പ്രസ്തുത വിശദീകരണം ഗൈഡിന്റെ അനുമതിയോടുകൂടി പഠനവകുപ്പ് മേധാവി, ഹോസ്റ്റൽ വാർഡൻ, സെനറ്റ് അംഗം ആയ വിദ്യാർത്ഥി പ്രതിനിധി എന്നിവരുടെ ശുപാർശയോടെ കൂടി Ad B 7 സെക്ഷനിൽ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റലിൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തങ്ങാനുള്ള പരമാവധി കാലയളവ് ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതുമായിരിക്കും. മേൽ സൂചിപ്പിച്ചിരിക്കുന്ന നിബന്ധനകൾക്ക് അനുസൃതമായി ഒരു ഗവേഷണ വിദ്യാർത്ഥിക്ക് ഹോസ്റ്റലിൽ മുറി അനുവദിക്കാവുന്നതിനുള്ള പരമാവധി കാലയളവ് 07 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു.നിലവിൽ ഹോസ്റ്റൽ നിവാസികളായ ഗവേഷണ വിദ്യാർത്ഥികൾ അതാത് ഗൈഡുമാരുടെ പക്കൽ നിന്നും ഗവേഷണ കാലയളവ് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ഹോസ്റ്റൽ വാർഡന്റെ ശുപാർശയോടെ Ad B 7 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

3. ഒരു ഗവേഷണ വിദ്യാർത്ഥി പ്രബന്ധം സമർപ്പിക്കുന്നതിന് മുന്നോടിയായി അല്ലെങ്കിൽ സമർപ്പിക്കുന്ന വേളയിൽ പഠനവകുപ്പുകൾ, ഹോസ്റ്റൽ സെക്ഷൻ നൽകുന്ന ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ( No Due Certificate )ഗവേഷണ വിദ്യാർത്ഥികളുടെ പക്കൽ നിന്നും നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്. ഇത്തരത്തിൽ വാങ്ങുന്ന സർട്ടിഫിക്കറ്റ് Ad B 7 സെക്ഷൻ ഓഫീസർ, ഹോസ്റ്റൽ സെക്രട്ടറി, മെസ്സ് സെക്രട്ടറി എന്നിവർ മേലൊപ്പ് വച്ചിരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ പഠനവകുപ്പുകൾക്കും അറിയിപ്പ് നൽകുന്നതിന് Ad B 7 സെക്ഷനെ ചുമതലപ്പെടുത്തി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സജീവ് കെ എൻ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. DSU പ്രതിനിധികൾ
2. സെക്രട്ടറി, AKRSA
3. വിസി/ പി വി സിയുടെ പി എസ്
4. രജിസ്ട്രാറുടെ/ ഫിനാൻസ് ഓഫീസറുടെ/ പരീക്ഷാ കൺ ട്രോളറുടെ പി എമാർ
5. സർവകലാശാല പഠന വകുപ്പ് മേധാവികൾ
6. സർവ്വകലാശാല ഹോസ്റ്റൽ വാർഡൻമാർ
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
8. സർവ്വകലാശാല ഹോസ്റ്റൽ സെക്രട്ടറി/ മെസ് സെക്രട്ടറി
9. സർവ്വകലാശാല എഞ്ചിനീയർ
10. സെക്യൂരിറ്റി ഓഫീസർ
11. ഗവ: ഓഡിറ്റ്
12. കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #4 of File 133400/AD B7-1/2022/AD B 7 Approved by ESTATE OFFICER ADMINISTRATION on 25-Oct-2022 02:15 PM - Page 2